**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1169** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര വികസനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മനോജ് മൂത്തേടൻ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ പാണിയേലി പോര്, കോടനാട് അഭയാരണ്യം, കല്ലിൽ ഗുഹാക്ഷേത്രം, ഇരിങ്ങോൾ കാവ് തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ടൂറിസം സർക്യൂട്ട് ആരംഭിച്ചാൽ ആയിരക്കണക്കിന് വിനോദസഞ്ചാരികൾ നിത്യേന എത്തുന്ന ഇടമായി ഈ പ്രദേശങ്ങൾ മാറുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ടൂറിസം വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ വകുപ്പ് കൈക്കൊള്ളുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ പാണിയേലി പോര്, കോടനാട് അഭയാരണ്യം, കല്ലിൽ ഗുഹാക്ഷേത്രം, ഇരിങ്ങോൾ കാവ് തുടങ്ങിയ ടൂറിസം കേന്ദ്രവുമായി ബന്ധപ്പെടുത്തി ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തിയ ഡി.പി.ആർ. ലഭ്യമായിട്ടില്ല. ഡി.പി.ആർ. ലഭിക്കുന്ന മുറയ്ക്ക് സന്ദർശകരുടെ എണ്ണം, ടൂറിസം സാധ്യത, ടൂറിസം സർക്യൂട്ടിന്റെ ഘടന തുടങ്ങിയവ പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** വിനോദസഞ്ചാരത്തിന്റെ ഭാഗമായി പെരിയാറിലൂടെ ബോട്ട് സർവീസ് ഏർപ്പെടുത്തിയാൽ വിനോദസഞ്ചാരികൾക്ക് ഏറെ നയന മനോഹരവും കാഴ്ചയ്ക്ക് ആസ്വാദ്യകരവുമായ യാത്ര സാധ്യമാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി വകുപ്പിന്റെ നേതൃത്വത്തിൽ പെരിയാറിലൂടെ ബോട്ട് സർവീസ് ആരംഭിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വിനോദസഞ്ചാരികൾക്ക് പ്രകൃതി ഭംഗി ആസ്വദിക്കാനാവുന്ന വിവിധ പദ്ധതികൾ ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. പെരിയാറിലൂടെ ബോട്ട് സർവീസ് ആരംഭിക്കുന്ന വിഷയം ജലസേചന വകുപ്പ്, മാരിടൈം വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയ വകുപ്പുകളുമായി ആലോചിച്ച് അന്തിമ തീരുമാനത്തിലേയ്ക്ക് എത്തുന്നതാണ്.

**സെക്ഷൻ ഓഫീസർ**